**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2918** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി പി.എസ്.സി. കോച്ചിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പട്ടികജാതി വിഭാഗക്കാർക്കുള്ള ഫണ്ട് പ്രയോജനപ്പെടുത്തി പഞ്ചായത്തുമായി സഹകരിച്ച് പഞ്ചായത്ത് തലത്തിൽ സൗജന്യമായി പി. എസ്. സി. കോച്ചിംഗ് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതിക്കാരുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനായി വകുപ്പിൽ നിന്നും എസ്.സി.പി വിഹിതം നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ പ്രകാരം ടി വിഹിതം പ്രയോജനപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി പി. എസ്. സി. കോച്ചിംഗ് നടത്താവുന്നതാണ്. |
| (ബി) | മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ പി. എസ്. സി. കോച്ചിംഗിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം (മണ്ണന്തല), എറണാകുളം (ആലുവ), പാലക്കാട് (കുഴൽമന്ദം), കോഴിക്കോട് എന്ന നാല് ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ട്രൈനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ടി സ്ഥാപനങ്ങളിൽ പി.എസ്.സി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. മണലൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ എല്ലാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രൈനിംഗ് സെന്റർ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ